ഹദീസ്

അബ്ദുർറഹ്മാൻ ചെറുവാടി
archeruvadi11@yahoo.com

# പ്രവാചകനെ സ്നേഹിക്കുന്നവർ സ്വലാത്ത് വർധിപ്പിക്കട്ടെ

عَبْد الرَّحْمَنِ بْن أَبِي لَيْلَى قَالَ : لَقِيَنِي كَعْبُ بْنُ عُجْرَةَ ، فَقَالَ : أَلَا أُهْدِي لَكَ هَدِيَّةً، إِنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ خَرَجَ عَلَيْنَا، فَقُلْنَا : يَا رَسُولَ اللَّهِ، قَدْ عَلِمْنَا كَيْفَ نُسَلِّمُ عَلَيْكَ، فَكَيْفَ نُصَلِّي عَلَيْكَ ؟ قَالَ : " فَقُولُوا : اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ، اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا بَارَكْتَ عَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ ". (رواه صحيح البخاري رقم: 6357 ومسلم: 406)

**അബ്ദുർറഹ്മാനു അബീലൈലാ പറഞ്ഞു: കഅബുബ്നു ഉജ്റ എന്നെ കണ്ടു മുട്ടിയപ്പോൾ ചോദിച്ചു: ഞാൻ താങ്കൾക്കൊരു സമ്മാനം തരട്ടെ? നബി (സ) ഞങ്ങൾ നിൽക്കുന്നേടത്തേക്ക് വന്നു. അപ്പോൾ ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ മേൽ സലാം ചൊല്ലേണ്ടത് എങ്ങനെയാണെന്ന് ഞങ്ങൾക്ക് അറിയാം. എന്നാൽ എങ്ങനെയാണ് അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലേണ്ടത്? അവിടുന്ന് പറഞ്ഞു: 'പറയുക; അല്ലാഹുവേ മുഹമ്മദ് നബിക്കും മുഹമ്മദ് നബിയുടെ കുടുംബത്തിനും നീ അനുഗ്രഹം ചെയ്യുക. ഇബ്റാഹീം നബിയുടെ കുടുംബത്തിന് നീ അനുഗ്രഹം ചെയ്തതു പോലെ. തീർച്ചയായും നീ സ്തുത്യർഹനും മഹിമയുള്ളവനുമാകുന്നു. അല്ലാഹുവേ, മുഹമ്മദ് നബിക്കും മുഹമ്മദ് നബിയുടെ കുടുംബത്തിനും നീ ബറകത്ത് ചെയ്യുക. ഇബ്റാഹീം നബിയുടെ കുടുംബത്തിനു നീ ബറകത്ത് ചെയ്തതു പോലെ. തീർച്ചയായും നീ സ്തുത്യർഹനും മഹിമയുള്ളവനുമാകുന്നു' (ബുഖാരി: 6357, മുസ്ലിം: 406).**

നമ്മുടെ വഴികാട്ടിയാണ് പ്രവാചകൻ. നാം അവിടുത്തെ അദമ്യമായി സ്നേഹിക്കുന്നു. ശാശ്വത രക്ഷയുടെ വഴിയിൽ നമ്മുടെ വിളക്കായ റസൂലിന് പരലോകത്ത് ഉന്നത സ്ഥാനങ്ങൾ ലഭിക്കാനായി പ്രാർഥിക്കേണ്ടത് നമ്മുടെ കടമയാണ്. എന്നാൽ അത് മറ്റുള്ളവർക്കു വേണ്ടി നാം പ്രാർഥിക്കുന്ന പോലെയല്ല. നബിക്കു വേണ്ടി എങ്ങനെ പ്രാർഥിക്കണം എന്നതും അല്ലാഹു തന്നെ പഠിപ്പിച്ചിട്ടുണ്ട്. അതാണ് സ്വലാത്തും സലാമും.

പ്രവാചകനെ ആദരിക്കലും പ്രശംസിക്കലും ബഹുമാനിക്കലും എല്ലാം ഉൾച്ചേർന്ന വിശിഷ്ട പ്രാർഥനയാണ് സ്വലാത്തും സലാമും. ഹദീസിൽ സ്വഹാബിമാരുടെ സംശയത്തിനു മറുപടിയായി അതെങ്ങനെ നിർവഹിക്കണം, എന്താണ് പറയേണ്ടത് എന്നെല്ലാം പഠിപ്പിക്കുകയാണ് തിരുമേനി. സ്വലാത്തിലൂടെ അല്ലാഹുവോടും മലക്കുകളോടും ചേർന്നു നിൽക്കാനുള്ള അവസരമാണ് വിശ്വാസിക്ക് ലഭിക്കുന്നത്. അല്ലാഹു നബിയെ ആശീർവദിക്കുമ്പോൾ, മലക്കുകൾ റഹ്മത്തിനായി കൈ നീട്ടുമ്പോൾ ഒപ്പം നിന്നുകൊണ്ട് അവിടുത്തെ ആദരിച്ച് പ്രാർഥിക്കാനുള്ള വിശിഷ്ടാവസരമാണ് സ്വലാത്തിലൂടെ വിശ്വാസിക്ക് കൈവരുന്നത്. ഖുർആൻ പറയട്ടെ: 'അല്ലാഹുവും അവന്റെ മലക്കുകളും പ്രവാചകന്ന് സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് സ്വലാത്തും സലാമും ചൊല്ലുക' (*അൽഅഹ്സാബ്*: 56). നബിക്ക് നൽകുന്ന പ്രശംസ, ആദരം, ശ്രേഷ്ഠ പദവിയുടെ വിളംബരം, സംതൃപ്തിയുടെ പ്രകടനം എന്നിവയെല്ലാം അടങ്ങിയതാണ് അല്ലാഹുവിന്റെ സ്വലാത്ത്. പ്രവാചകന് കൈവരുന്ന ഈ ദിവ്യാനുഗ്രഹങ്ങളിലുള്ള സന്തോഷവും കൂടുതൽ അനുഗ്രഹത്തിനും വിശുദ്ധിക്കും വേണ്ടിയുള്ള പ്രാർഥനയുമാണ് മലക്കുകളുടെ സ്വലാത്ത്. മനുഷ്യരുടെ സ്വലാത്ത്, അവിടുന്ന് ചെയ്ത അപാരമായ സേവനങ്ങൾ അറിഞ്ഞംഗീകരിച്ചും ആ മാർഗം ജീവിതമായി സ്വീകരിച്ചും അവിടുത്തെ സ്നേഹിക്കലാണ്. സ്നേഹം പ്രശംസയായും അഭിനന്ദനമായും മറ്റുള്ളവരിലേക്ക് കൈമാറലാണ്. നബിക്കായി സ്വലാത്തും സലാമും ചോദിച്ചുകൊണ്ട് നിരന്തരം പ്രാർഥനകളിൽ മുഴുകലാണ്. സ്വലാത്തിന്റെ പല രൂപങ്ങളും ഹദീസിൽ കാണാം. ഉദാഹരണത്തിനു ഒന്നുരണ്ടെണ്ണം താഴെ:

(اللَّهَّمَ صلِّ على محمَّدٍ وعلى آلِ محمَّدٍ كما صلَّيتَ علَى إبراهيمَ وعلَى آلِ إبراهيمَ، وبارِكْ على محمَّدٍ وعلى آلِ محمَّدٍ كما بارَكْتَ على إبراهيمَ وعلى آلِ إبراهيمَ في العالَمينَ إنَّكَ حميدٌ مجيدٌ) [الترمذي]

اللهم صل على محمد وأزواجه وذريته، كما صليت على آل إبراهيم، وبارك على محمد وأزواجه وذريته، كما باركت على آل إبراهيم، إنك حميد مجيد (البخاري)

സലാമിന്റെ വാചകങ്ങളായി; السلام عليك ايها النبي ورحمة الله وبركاته (നബിയേ! അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹങ്ങളും അങ്ങേക്കുണ്ടാവട്ടെ), السلام عليك يا رسول الله (അല്ലാഹുവിന്റെ ദൂതരെ! അല്ലാഹുവിന്റെ രക്ഷയും സമാധാനവും അങ്ങേക്കുണ്ടാവട്ടെ) എന്നിവയോ മറ്റോ ഉപയോഗിക്കാം.

മുകളിൽ പറഞ്ഞ ആയത്തിന്റെ ഉദ്ദേശ്യം ഇബ്നു കസീർ വിവരിക്കുന്നത് ഇങ്ങനെയാണ്: 'തന്റെ ദാസനായ പ്രവാചകന് അവന്റെയടുത്തുള്ള പദവിയെപ്പറ്റിയും, മലക്കുകൾ പ്രശംസയും സ്വലാത്തും ചൊരിഞ്ഞു കൊണ്ടിരിക്കുന്നതിനെ പറ്റിയും തന്റെ അടിയാറുകളെ അറിയിക്കുകയാണ് അല്ലാഹു. എന്നിട്ട് ഭൂലോകവാസികളോട് അദ്ദേഹത്തിന് സ്വലാത്തും സലാമും ചൊല്ലാൻ കൽപിച്ചു. വാന- ഭുവനലോകത്തിന്റെ ഒന്നടങ്കം പ്രശംസകളും അഭിനന്ദനങ്ങളും അവിടുത്തേക്ക് ലഭിക്കാൻ വേണ്ടി' (*അൽ അഹ്സാബ്* 56-ാം ആയത്തിന്റെ വിവരണം). നബിക്ക് അല്ലാഹുവിന്റെയും മലക്കുകളുടെയും പ്രശംസയും അംഗീകാരവും തന്നെ ധാരാളം മതി. എന്നാൽ അതിൽ ഭൂവാസികളെക്കൂടി ഭാഗഭാക്കാക്കുന്നതിലൂടെ അവർക്കു മുമ്പിൽ അനുഗ്രഹത്തിന്റെ കവാടങ്ങൾ വീണ്ടും തുറക്കുകയാണ് അല്ലാഹു. മാത്രമല്ല പ്രവാചകന് കിട്ടുന്ന എല്ലാ അനുഗ്രഹങ്ങളും അവിടുത്തെ അനുയായികളുടെ കൂടി സൗഭാഗ്യമാണ്. അവിടുത്തെ പദവി ഉയരുമ്പോഴെല്ലാം വിശ്വാസിയുടെ പദവിയും ഉയരുന്നു. അതിലേക്ക് അവരെക്കൂടി ചേർത്തുവെക്കുന്നതാണ് സ്വലാത്തിലെ 'അവിടുത്തെ കുടുംബത്തിനും' എന്ന വാചകം. നബിയുടെ ഭാര്യമാർ, സന്തതികൾ കുടുംബക്കാർ, സ്വഹാബിമാർ, അന്ത്യനാൾ വരെയുള്ള അനുയായികൾ എന്നിവരൊക്കെ ഉൾക്കൊള്ളുന്നതാണ് ഈ കൊച്ചു വാക്യം.

കപട വിശ്വാസത്തിൽ നിന്ന് രക്ഷപ്പെടാനും ഈമാൻ ഭദ്രമാകാനും സിദ്ധൗഷധമാണ് സ്വലാത്തും സലാമും. ജീവിത വിശുദ്ധിക്കും കർമങ്ങളിൽ ബറകത്ത് കിട്ടാനും പ്രവാചകന്റെ ശിപാർശ നേടിത്തരാനും സ്വലാത്ത് വേണം. ജീവിതത്തിലൊരിക്കലെങ്കിലും നബിയുടെ മേൽ സ്വലാത്ത് ചൊല്ലൽ ഏതൊരു വിശ്വാസിക്കും നി ർബന്ധമാണ്. ധാരാളം സ്വലാത്ത് ചൊല്ലുന്നവനാണ് അന്ത്യനാളിൽ നബിയോട് ഏറ്റവും അടുത്തിരിക്കുക. പ്രവാചകനു വേണ്ടി നമ്മൾ സ്വലാത്ത് ചൊല്ലുമ്പോൾ നമുക്ക് വേണ്ടി മലക്കുകൾ പ്രാർഥിക്കും. ഭൂമിയിൽ പ്രവാചകന്റെ യശസ്സിന് മങ്ങലേൽപിക്കാൻ ഏതൊക്കെ മാർഗേണ ശത്രുക്കൾ എന്തൊക്കെ ശ്രമങ്ങൾ നടത്തിയാലും ലോകത്ത് സ്വലാത്തിന്റെ മുഴക്കം ഉയർന്നുകൊണ്ടിരിക്കുന്ന കാലത്തോളം ആ നാമം ഉജ്ജ്വലിച്ചു തന്നെയിരിക്കും.

നിരന്തരം ആവർത്തിച്ച് അനുഷ്ഠിക്കേണ്ട ഒരു ഇബാദത്താണ് സ്വലാത്ത്. നമസ്കാരത്തിലെ അവസാനത്തെ ഇരുത്തം, ജനാസ നമസ്കാരം, വെള്ളിയാഴ്ച രാപ്പകലുകൾ, നബിയുടെ ഖബ്ർ സന്ദർശനം, പ്രാർഥനകളുടെ ആരംഭത്തിലും അവസാനത്തിലും, ഖുത്ബകൾ, ഏതൊരു സൽപ്രവൃത്തിയുടെയും ആരംഭത്തിൽ, ഉദയാസ്തമയ വേളകൾ തുടങ്ങി ജീവിതവുമായി ബന്ധപ്പെട്ട എല്ലായ്പ്പോഴും സ്വലാത്തുണ്ട്. എപ്പോൾ എത്ര ചൊല്ലിയാലും മഹാപ്രതിഫലമുള്ള, പ്രവാചകനോട് എപ്പോഴും നമ്മെ ചേർത്തുനിർത്തുന്ന പുണ്യ കർമങ്ങളാണ് സ്വലാത്തും സലാമും.

നബി (സ) പറയുന്നത് കാണുക: 'എനിക്ക് ആര് സലാം പറഞ്ഞാലും അവർക്ക് സലാം മടക്കാനായി എന്റെ ആത്മാവിനെ അല്ലാഹു എനിക്ക് മടക്കിത്തരും' (അബൂദാവൂദ്). 'ആരെങ്കിലും എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അവന്റെ മേൽ അല്ലാഹു പത്ത് അനുഗ്രഹങ്ങൾ ചൊരിയും. പത്ത് കുറ്റങ്ങൾ മായ്ച്ചുകളയും. അവന്റെ പദവികൾ പത്ത് തവണ ഉയർത്തും' (നസാഈ). 'നിങ്ങളുടെ ഏറ്റവും നല്ല ദിവസങ്ങളിൽ പെടുന്നതാണ് വെള്ളിയാഴ്ച ദിവസം. അതിനാൽ എനിക്കു വേണ്ടി അന്ന് ധാരാളം സ്വലാത്ത് ചൊല്ലുക. നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടും. അവർ ചോദിച്ചു: താങ്കൾ ദ്രവിച്ചുകഴിഞ്ഞാൽ പിന്നെ ഞങ്ങളുടെ സ്വലാത്ത് അവിടുന്ന് എങ്ങനെ കാണാനാണ്? തിരുമേനി പാഞ്ഞു: പ്രവാചകന്മാരുടെ ശരീരങ്ങൾ തിന്നുന്നത് ഭൂമിയോട് അല്ലാഹു വിലക്കിയിരിക്കുന്നു' (അബൂദാവൂദ്, ഇബ്നുമാജ). ചുരുക്കത്തിൽ, നബിയെ സ്നേഹിക്കുന്നവർ അവിടുത്തേക്ക് വേണ്ടി സ്വലാത്തും സലാമും ധാരാളം ചൊല്ലണം. ഖുർആന്റെ ആഹ്വാനമാണത്. ബന്ധപ്പെട്ട ഹദീസുകളും ധാരാളം. അവഗണിക്കാനോ തിരിഞ്ഞുനിൽക്കാനോ പാടില്ലാത്ത ഈ മഹാനന്മ ജീവിതത്തിൽ പതിവാക്കാൻ കടപ്പെട്ടവനാണ് ഓരോ വിശ്വാസിയും എന്നാണ് ഈ തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. ●